**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 300** **08-08-2023 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് റേഷൻ കാർഡ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ കാർഡുകൾ പുതുക്കുന്നതുമായി ബന്ധപ്പെട്ട് റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം (ആർ സി എം എസ് )ൽ ഡാറ്റാ എൻട്രി വരുത്തിയപ്പോൾ നിരവധി തെറ്റുകൾ കടന്നു കൂടിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | തെറ്റുകൾ തിരുത്തുന്നതിന് കാർഡ് ഉടമകൾക്ക് എന്തെങ്കിലും അവസരം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | കാർഡിലെ തെറ്റുകൾ തിരുത്തുന്നതിനായി റേഷൻകടകളിൽ സ്ഥാപിച്ചിരുന്ന Drop Box മുഖേന അപേക്ഷ സമർപ്പിക്കുന്നതിന് 15.11.2021 മുതൽ 15.12.2021 വരെ 'തെളിമ' പദ്ധതിയിലൂടെ അവസരം നൽകിയിരുന്നു. കൂടാതെ അംഗീകൃത അക്ഷയകേന്ദ്രങ്ങൾ മുഖേനയോ സിറ്റിസൺ ലോഗിൻ മുഖേനയോ കാർഡ് തിരുത്തലിനുള്ള അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. അപേക്ഷ നൽകുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല. |
| (സി) | ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ അച്ചടിച്ച റേഷൻ കാർഡുകൾക്ക് പകരം സ്മാർട്ട് കാർഡുകളാണ് ഉപയോഗിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ സംസ്ഥാനത്ത് സ്മാർട്ട് റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇലക്ട്രോണിക് ചിപ്പ് ഘടിപ്പിച്ച സ്മാർട്ട് റേഷൻകാർഡുകൾ വിതരണം നടത്തുന്നത് നിലവിൽ പരിഗണനയിലില്ല. എന്നാൽ അക്ഷയ കേന്ദ്രം വഴിയോ സിറ്റിസൺ ലോഗിൻ വഴിയോ റേഷൻകാർഡ് പി.ഡി.എഫ് ഫോർമാറ്റിൽ ഡൗൺലോഡ് ചെയ്ത് ആയത് എ.ടി.എം കാർഡിന്റെ വലിപ്പത്തിൽ പി.വി.സി മെറ്റീരിയലിൽ പ്രിന്റെടുത്ത് പി.വി.സി കാർഡായി ഉപയോഗിക്കുന്നതിനുള്ള 'പി.വി.സി കാർഡ് സംവിധാനം' 02.11.2021-മുതൽ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ